[ശ്രീ. കെ. അനിരുദ്ധൻ]

പ്രസ്തുത മേസനറി ഡ്രെയിൻ ബാർട്ടൻ ഹില്ലിനു പടിഞ്ഞാറുവശമുള്ള തോട്ടിൽ കൊണ്ടു സംബന്ധിപ്പിക്കുന്നതിനും നടപടികളെടുക്കുമോ? മേസനറി ഡ്രെയിൻ കെട്ടുന്നതിനുള്ള മേൽനോട്ടം കോർപ്പറേഷനെ ഏൽപ്പിക്കാതെ പബ്ലിക്ക് ഹെൽത്ത് ഇഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കാൻ ഭയവുണ്ടോ കുമോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഈ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ചുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുണ്ടെന്നു പറഞ്ഞതു്. ജോലി ഏതു ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കണമെന്നുള്ളതു് ഒരു പ്രശ്നമല്ല. പക്ഷേ ഇതിന്റെ പണി ഉടനെ തുടങ്ങുന്നതിനാവശ്യമായ ഫണ്ടില്ല. ഇതിനാവശ്യമായ ഏതെങ്കിലും വിധത്തിലുള്ള ഫണ്ടു് കിട്ടുമോയെന്നു് പരിശോധിക്കാം.

## എൻ. ഇ. എസ്. ബ്ലോക്കു ഡിസ്പെൻസറികളിലെ വെറ്ററിനറി ഡാക്ടറന്മാരുടെ അഭാവം.

*886 [30] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്. ബ്ലോക്കു് സെക്കൻഡു് സ്റ്റേജിൽ വെറ്ററിനറി ഡിസ്പെൻസറികളും ഡിപ്പാർട്ടുമെന്റു് അടുത്തകാലത്തു് എറ്റെടുത്തിട്ടു് അവിടെ ഡാക്ടറന്മാരെ നിയമിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം ഡാക്ടറന്മാരില്ലാത്ത എത്ര ആശുപത്രികളും ഉണ്ടു്;

(സി) മല്ലപ്പള്ളി വെറ്ററിനറി ഡിസ്പെൻസറിയിൽ ഇപ്പോൾ യാതൊരു പ്രവർത്തനവും നടക്കുന്നില്ലേ;

(ഡി) ചികിത്സയ്ക്കായും, കൃത്രിമ ഗർഭോൽപാദനത്തിനായും കന്നുകാലികളെ കൊണ്ടുപോയിട്ടു് ഡാക്ടറില്ലാത്തതുമൂലം ജനങ്ങൾ നിരാശരായി മടങ്ങിപ്പോകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ) എൻ. ഇ. എസ്. ബ്ലോക്കു് സെക്കൻഡു് സ്റ്റേജിൽ വെറ്ററിനറി ഡിസ്പെൻസറികളും ഡിപ്പാർട്ടുമെന്റു് ഏറ്റെടുക്കുമ്പോൾ ബ്ലോക്കിലുണ്ടായിരുന്ന എല്ലാ ഉദ്യോഗസ്ഥന്മാരേയും വെറ്ററിനറി ഡിപ്പാർട്ടുമെന്റിലേക്കു വിട്ടുകൊടുക്കാറില്ല. എക്സ്റ്റൻഷൻ ഓഫീസർ ബ്ലോക്കിൽതന്നെ തുടരുകയാണു് പതിവു്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പു് അടുത്ത ഡിസ്പെൻസറിയുടെ ചാർജ് വഹിക്കുന്ന ഡോക്ടർമാരെ ഏൽപ്പിക്കുന്നുണ്ടു്.

(ബി) മേൽപറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി.) മല്ലപ്പള്ളി വെറ്ററിനറി ഡിസ്പെൻസറിയിൽ ഇപ്പോൾ കൃത്രിമ ചികിത്സയും ബീജ സങ്കലന പ്രവർത്തനവും നടത്തിവരുന്നുണ്ടു്. എന്നാൽ ബീജ സങ്കലനപ്രവർത്തനം 6-10-63 മുതൽ 28-10-63 വരെ മുടങ്ങിപ്പോയിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി: ഇങ്ങനെ മുടക്കംവരാതിരിക്കുന്നതിനുവേണ്ടി സെക്കൻഡു് സ്റ്റേജു് ഡിപ്പാർട്ടുമെന്റു് ഏറ്റെടുക്കുമ്പോൾ ഉടനെ ഡാക്ടറെ നിയമിക്കാൻ സാധിച്ചില്ലെങ്കിൽ ബ്ലോക്കിലുള്ള എക്സ്റ്റൻഷൻ ആഫീസർക്ക് അതിനുള്ള ചാർജ് കൊടുത്തിട്ടുണ്ടോ?

ശ്രീ. ഇ. പി. പൗലോസ്: ബ്ലോക്കിലുള്ള അഡ്മിനിസ്ട്രേഷൻ കൺട്രോൾ എക്സ്റ്റൻഷൻ ആഫീസറുടെ കീഴിലാണു്. എന്നാൽ ഉടനെ ഡാക്ടറെ നിയമിക്കാൻ സാധിച്ചില്ലെങ്കിൽ അതിനു പരിഹാരമായി എന്തു നടപടിയെടുക്കുമെന്നുള്ളതിനെപ്പറ്റി ആലോചിച്ചുവരികയാണു്.

LIBRARY ARCHIVES Kerala Legislative Assembly